ശ്രീ. ഇ. പി. ഇപ്പൻ : ഒരു മറുപടി പറഞ്ഞിട്ടില്ല. ടെക്നിക്കലായി യോഗ്യതയുള്ളവർ ബോർഡിൽ ഒരാൾ മതിയോ, വേറൊരാൾകൂടി വേണമോ എന്നുള്ളതിനു മറുപടി പറഞ്ഞിട്ടില്ല.

ശ്രീ. വി. ആർ. കൃഷ്ണയ്യർ : അതു് "റ"യിൽ അടങ്ങിയിരിക്കുന്ന നിർദ്ദേശം ടെക്നിക്കലി കപ്പാളിഫൈഡായി ഒരാളെങ്കിലും വേണമെന്നാണു്. ഇപ്പോൾ ബോർഡിന്റെ ചെയർമാനായിരിക്കുന്നതു് ഒരു വിദഗ്ദ്ധനാണു്. അങ്ങനെ ടെക്നിക്കലി കപ്പാളിഫൈഡായിട്ടുള്ള വിദഗ്ദ്ധന്മാർ ധാരാളമായി നമ്മുടെ നാട്ടിലില്ല. അപ്പോൾ രണ്ടുപേരെ അവിടെ ഇരുത്തിക്കൊണ്ടിരിക്കാൻ നിവൃത്തിയില്ല. സെക്രട്ടറിയുടെ ജോലി അഡ്മിനിസ്ട്രേറ്റീവായിട്ടുള്ളതാണു്. ആ അടിസ്ഥാനത്തിൽ മദ്രാസിൽ ഒരു ഡെപ്യൂട്ടി സെക്രട്ടറിയാണു് സെക്രട്ടറിയുടെ ജോലി നിർവ്വഹിക്കുന്നതു്. അതുപോലെ ഇവിടെയും ഒരു ഡെപ്യൂട്ടി കളക്ടറുടെ ഗ്രേഡിൽ ഒരാളെ നിയമിക്കുവാൻ തീർച്ചയാക്കിയിരിക്കുകയാണു്. ബോർഡിന്റെ പ്രവർത്തനത്തെപ്പറ്റി വളരെ സൂക്ഷ്മമായി പരിശോധിച്ചു നല്ല നിലയിൽ പ്രവർത്തിപ്പിക്കുവാൻ കഴിയുന്നതും ശ്രമിക്കുന്നതാണെന്നു് ഞാൻ സർക്കാരിന്റെ ഭാഗത്തുനിന്നും ഉറപ്പു നൽകുന്നു. ഈ ഉപധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

ശ്രീ. എൻ. രാജഗോപാലൻ നായർ : ബോർഡിന്റെ സ്ഥാപനം വേണമെന്നും വേണ്ടെന്നും, ഈ സഭയുടെ എല്ലാ ഭാഗത്തുനിന്നും, അഭിപ്രായപ്പെട്ടിരിക്കുന്ന സ്ഥിതിക്കു് അതു് അംഗീകരിച്ചു്, ഈ സഭയിൽ ഒരു പ്രമേയം കൊണ്ടുവന്നു് അംഗീകരിച്ചു്, ഈ സഭയുടെ വിവിധഭാഗങ്ങളിലുള്ള അഭിപ്രായമെന്താണെന്നു് അറിഞ്ഞാൽ കൊള്ളാം.

Mr. Speaker: If the Minister is prepared to answer the question, he can do so.

ശ്രീ. വി. ആർ. കൃഷ്ണയ്യർ : കേരളത്തിൽ മാത്രം അങ്ങനെയൊരു അഭിപ്രായം ഉണ്ടായാൽ പോരാ തെക്കേ ഇൻഡ്യയിലുള്ള മറ്റു സംസ്ഥാനങ്ങളിൽ നിന്നും, ഇത്തരം അഭിപ്രായം ഉണ്ടാകുന്നപക്ഷം അതിനു നിശ്ചയമായും ആവശ്യമായ നടപടികളും എടുക്കുന്നതിനു് ഈ ഗവൺമെന്റു് ഒരുക്കമാണു്.

Mr. Speaker: Order, order. Time is up. I am going to put all the Demands to vote.

The question that a supplementary sum not exceeding Rs. 3,53,96,200 be granted under Demand XLIV — P. Loans and Advances by State Government was put and carried.

The grant was made.

v. Demand X — 25. General Administration.

The question that a supplementary sum not exceeding Rs.11,100 be granted under Demand X — 25. General Administration was put and carried.

The grant was made.

vi. Demand XI — 25. General Administration — C. Elections.

The question that a supplementary sum not exceeding Rs.9,300 be granted under Demand XI — 25. General Administration — C. Elections, was put and carried.

The grant was made.

vii. Demand XII — 25. General Administration.

G. District Administration

The question that a supplementary sum not exceeding Rs.5,83,400 be granted under Demand XII — 25. General Administration — G. District Administration, was put and carried.

The grant was made.

LIBRARY ARCHIVES Kerala Legislative Assembly